# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

## എസ് എൻ ഡി പി
## സംസ്കൃത ഹൈസ്കൂൾ

### വള്ളികുന്നം

ഫോൺ. 04792336321
email:sndpsktv@gmail.com

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | എസ് എൻ ഡി പി<br>സംസ്കൃത ഹൈസ്കൂൾ |
| ഉപജില്ല | കായംകുളം |
| വിദ്യാഭ്യാസ ജില്ല | മാവേലിക്കര |
| ജില്ല | ആലപ്പുഴ |
| വർഷം | 2025-26 |

## ഉള്ളടക്കം

1. ആമുഖം
2. സ്കൂൾ ചരിത്രം
3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാവിശകലനം
5. പ്രശ്നങ്ങൾ, വെല്ലുവിളികൾ
6. പദ്ധതി രൂപീകരണ പ്രക്രിയ
7. വിഷയമേഖല-പ്രവർത്തനങ്ങൾ
8. ഉപസംഹാരം

# ആമുഖം

നവകേരള കർമ്മപരിപാടിയുടെ ഭാഗമായാണ് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രഖ്യാപിച്ചത്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളും മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുക എന്നതാണ് ഈ യജ്ഞം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഭരണകർത്താക്കളും പൊതുസമൂഹവും അദ്ധ്യാപകരും മാനേജ്മെന്റും വിദ്യാലയങ്ങളും ഒന്നിച്ച് ചേർന്ന് വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് ലക്ഷ്യമാക്കുന്നത്. വിദ്യാലയത്തിനെ ഒരു പാഠപുസ്തകമാക്കുക എന്ന കാഴ്ചപ്പാടിലൂടെ വിദ്യാലയത്തെ ജൈവ വൈവിദ്ധ്യ ഉദ്യാനമാക്കി മാറ്റുക എന്നതും യജ്ഞത്തിന്റെ ലക്ഷ്യമാണ്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനോടൊപ്പം കലാകായിക വികസനപദ്ധതികൾ സർക്കാർ നേതൃത്വത്തിൽ നടന്നുവരുന്നു. ഘട്ടം ഘട്ടമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ശുചിത്വമുള്ള, ലഹരി വിമുക്തമായ ഒരുതലമുറയെ വാർത്തെടുക്കുക എന്നതും ലക്ഷ്യങ്ങളാണ്. സർക്കാർ, എയ്ഡഡ് എന്ന വ്യത്യാസമില്ലാതെ എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കുക എന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാലയമാക്കി മാറ്റുന്നതിനുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ഒരോ വിദ്യാലയങ്ങളും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വള്ളികുന്നം എസ് എൻ ഡി പി സംസ്കൃത ഹൈസ്കൂളിന്റെ അക്കാദമിക ഗുണമേൻമ ഉറപ്പാക്കുന്നതിന് വേണ്ടി സവിശേഷതകൾ ഉൾക്കൊള്ളുന്ന അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറായിക്കഴിഞ്ഞു.

## സ്കൂൾ ചരിത്രം

വള്ളികുന്നത്തെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ ഉന്നത സ്ഥാനം വഹിച്ചിട്ടുള്ള സരസ്വതീ ക്ഷേത്രമാണ് എസ് എൻ ഡി പി സംസ്കൃത ഹൈസ്കൂൾ. മദ്ധ്യതിരുവിതാംകൂറിലെ ആയുർവേദാചാര്യനായിരുന്ന പുതുക്കാട്ട് ശ്രീ കെ പി കൃഷ്ണൻവൈദ്യർ 1927ൽ ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഒരു വെള്ളപ്പൊക്കസമയത്ത് ഒരു കൊച്ചുപെൺകുട്ടിയെ കൈക്കുപിടിച്ചുകൊണ്ട് രക്ഷകർത്താവ് 4 മൈൽ അകലെയുള്ള ചങ്ങൻകുളങ്ങര സ്കൂളിലേക്ക് പോകുന്ന കാഴ്ചയാണ് അദ്ദേഹത്തെ ഈ സ്കൂൾ തുടങ്ങുവാൻ പ്രേരിപ്പിച്ചത്. മണയ്ക്കാട് ദേവീക്ഷേത്ര പരിസരത്ത് 2 ക്ലാസ്മുറികളിലായി തുടങ്ങിയ ഈ സംസ്കൃത വിദ്യാലയം 1964ൽ സംസ്കൃത ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. അങ്ങനെ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് 24 ക്ലാസ് മുറികളും ആയിരത്തോളം വിദ്യാർത്ഥികളും അൻപതോളം സ്റ്റാഫുകളുമായി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ശ്രീ കെ കേശവൻ പോറ്റി ഈ വിദ്യാലയത്തിന്റെ പ്രധാനാദ്ധ്യാപകനായിരുന്നു. മലയാള നാടകാചാര്യൻ ശ്രീ തോപ്പിൽഭാസി, കാമ്പിശ്ശേരി കരുണാകരൻ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, മുൻ എം പി അഡ്വ. സി എസ് സുജാത എന്നിവർ ഈ സ്കൂളിന്റെ സന്തതികൾ ആണ്. ശ്രീ. കെ കേശവൻപോറ്റി, ശ്രീ ബേബി വർഗ്ഗീസ്, ശ്രീ പി ഗോപിനാഥൻ ഉണ്ണിത്താൻ, ശ്രീ വി. രാമകൃഷ്ണപിള്ള എന്നിവർ പ്രഗൽഭരായ ഹെഡ്മാസ്റ്റർമാരിൽ ചിലർമാത്രം. വള്ളികുന്നത്തെ സാധാരണക്കാർക്ക് വിദ്യാവെളിച്ചം നൽകാനായി ലാഭേച്ഛ കൂടാതെ തുടങ്ങിയ സ്കൂൾ ഇന്നും സാധാരണക്കാർക്കായി പ്രവർത്തിക്കുന്നു.

ബഹുമാനപ്പെട്ട കേരള ഗവൺമെന്റിന്റെ മാതൃഭാഷ പ്രോത്സാഹന നിയമമനുസരിച്ച് സംസ്കൃത ഓറിയന്റൽ പദവി നിലനിർത്തികൊണ്ട്തന്നെ അഞ്ചാം ക്ലാസ് മുതൽ ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറായി മലയാളം പഠിച്ചുവരുന്നു. സർക്കാർ അംഗീകാരത്തോടുകൂടി 2014 മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ നടന്നുവരുന്നു. തുടർച്ചയായി SSLC പരീക്ഷയ്ക്ക് 100%

വിജയം നേടുന്നുണ്ട്. 3.5 ഏക്കറോളം വസ്തുവകകളും അതിൽ വിശാലമായ കളിസ്ഥലവും 5 കെട്ടിടങ്ങളും അതിൽ ഫർണിച്ചർ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 5000ത്തോളം പുസ്തകങ്ങളും റഫറൽ ഗ്രന്ഥങ്ങളും അടങ്ങിയ ലൈബ്രറി ഉണ്ട്. ഒരു ഡെസ്ക് ടോപ്പ്, കംപ്യൂട്ടർ(മൾട്ടിമീഡിയായോട് കൂടിയത്) 17 ലാപ്പ് ടോപ്പ്, ഇന്റെർനെറ്റുമായി ബന്ധപ്പെടുത്തിയ ആധുനിക കംപ്യൂട്ടർലാബും(ഭാഗീകമായി സജ്ജീകരിച്ച) സ്കൂൾ ലബോറട്ടറിയും കൃത്യമായി പാഠപുസ്തകങ്ങൾ ഉൾപ്പെടെയുള്ള പഠന സാമഗ്രികൾ എത്തിക്കുന്ന സ്കൂൾ സൊസൈറ്റിയും ലേഡീസ് ടീച്ചേഴ്സിനും ജെൻസ് ടീച്ചേഴ്സിനും പ്രത്യേകം സ്റ്റാഫ് റൂമുകളും നിലവിലുണ്ട്. ബഹുമാനപ്പെട്ട ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ശുചിത്വത്തോടുകൂടിയ ഉച്ചഭക്ഷണം പാകം ചെയ്തു കൊടുക്കാൻ പാചകപ്പുരയും അതിനാവശ്യമായ പാത്രങ്ങളും ഉണ്ട്. ഇപ്പോൾ ഗ്യാസ് കണക്ഷൻ ഉണ്ട്. ബയോഗ്യാസ് പ്ലാന്റും ജൈവ സംസ്കരണ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോമ്പൗണ്ടിലും പരിസരപ്രദേശങ്ങളിലും നിരീക്ഷണക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്

UID യുള്ള 413 കുട്ടികൾ ഈ അദ്ധ്യയനവർഷം (2025-26) ഇവിടെ പഠിക്കുന്നു. ബഹു. ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കാൻ ഇനിയും പല സൗകര്യങ്ങളും ഈ സ്കൂളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ശതാബ്ദിയിൽ എത്തിനിൽക്കുന്ന ഈ വിദ്യാലയം പുരോഗമനത്തിന്റെ പാതയിലാണ്. ഈ സ്കൂളിനെ ലോകനിലവാരത്തിലേക്ക് ഉയർത്തുവാനുള്ള പ്രവർത്തനങ്ങളുടെ ആദ്യപടിയായി 2017-18 വർഷത്തിൽ ആർ രാജേഷ് MLA യുടെസാന്നിദ്ധ്യത്തിൽ രൂപീകരിച്ച സ്കൂൾ വികസനസമിതി ഇന്നും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര ഗുണനിലവാരമുള്ള താക്കുക എന്ന ആശയം ഉൾക്കൊണ്ട് സംസ്കൃതഹൈസ്കൂളിലെ ക്ലാസ്റൂമുകൾ ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഡിജിറ്റൽ ക്ലാസ് മുറികൾ തയ്യാറാക്കുന്നുണ്ട്. ഈ ഡിജിറ്റൽ ക്ലാസുകൾ കുട്ടികളുടെ പഠനത്തെ വളരെ ഗുണകരമായി സ്വാധീനിക്കുന്നു.ഭാഷാശേഷി വികസിപ്പിക്കുന്നതിനും,വായന പരിപോഷണത്തിനും,ഗണിതശേഷിവികസനത്തിനും സാമൂഹ്യശാസ്ത്ര പോഷണത്തിനും പര്യാപ്തമായ രീതിയിലുള്ള പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്ക് സൗകര്യപ്രദമായരീതിയിൽ ഇരുന്ന് വായിക്കുന്നതിന് സൗകര്യമുള്ള ലൈബ്രറി അവരുടെ വായന ശീലത്തേയും അതിലൂടെ ഭാഷാശേഷിയേയും വികസിപ്പിക്കും. ജൈവകൃഷി, ജൈവവൈവിധ്യപാർക്ക് ,ഔഷധസസ്യതോട്ടനിർമ്മാണം,പഠനയാത്രകൾ,സെമിനാറുകൾ,അഭിമുഖങ്ങൾ, ദിനാചരണങ്ങൾ, എന്നിവ കുട്ടികൾക്ക് പാരിസ്ഥിതികാവബോധം ഉണ്ടാക്കുന്നു. രക്ഷാകർത്താക്കളുമായുള്ള നിരന്തര ഇടപെടലുകൾ വഴി കുട്ടികളെ മികവിലേക്ക് നയിക്കാൻ കഴിയും. പ്രവർത്തി പരിചയ പഠനം കുട്ടികളെ അവരുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുവാനും അതിലൂടെ മികച്ച ജീവിത സാഹചര്യം സ്വയം നിർമ്മിക്കുവാനും പ്രാപ്തരാക്കുന്നു. കായികപഠനം കുട്ടികളുടെ ജീവിതത്തെ ഗുണകരമായി സ്വാധീനിക്കുന്ന രീതിയിലാകുമ്പോൾ അവരുടെ ഭാവി ജീവിതം ആരോഗ്യമുള്ളതാകും. ശുചിത്വ പരിപാലനത്തിൽ ശ്രദ്ധനൽകുന്ന പ്രവർത്തനങ്ങളിലൂടെ പരിസരശുചിത്വം ,വ്യക്തിശുചിത്വം, എന്നിവ പാലിക്കുവാൻ കഴിയുന്നു. ആരോഗ്യകരമായ ഒരു ചുറ്റുപാട് രൂപപ്പെടുത്തുവാൻ ഇത് സഹായിക്കും. SRG ശാക്തീകരണത്തിലൂടെ അദ്ധ്യാപകർക്ക് നൂതന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും ലൈബ്രറി, ലാബുകൾ, ICT സാദ്ധ്യതകൾ എന്നിവ കഴിയുന്നത്ര പ്രയോജനപ്പെടുത്തുവാനും, കുട്ടികളെ കുറിച്ചുള്ള അറിവുകൾ പങ്കു വയ്ക്കുവാനും പരിമിതികൾ പരിഹരിക്കുവാനും കഴിയും.

കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട്, സെമിനാറുകൾ-ക്വിസ് പ്രോഗ്രാമുകൾ, കലാകായിക നേട്ടങ്ങൾ ഇവ സ്കൂളിൽ വെച്ച് തന്നെ മനസ്സിലാക്കുന്നതിന് ലൈബ്രറിയോട് ചേർന്ന് ടെലിവിഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത കുട്ടികൾക്ക് ബോദ്ധ്യപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. ഏകദിന പഠനയാത്രയിലൂടെ കുട്ടികൾക്ക് ശാസ്ത്ര സാമൂഹ്യ, സാംസ്കാരിക ചരിത്രരംഗങ്ങളിൽ നൂതനമായ അറിവുകൾ ലഭ്യമാക്കുന്നു. കുട്ടികളുടെ സാഹിത്യ സൃക്ഷ്ടികൾ ശേഖരിച്ച് കൈയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. പാചകപ്പുര ആധുനികവത്കരിക്കുന്നു. കുട്ടികൾക്ക് മെസ് ഹാൾ, ആവശ്യമായ പാത്രങ്ങൾ എന്നിവ ഉറപ്പാക്കുന്നു.

## നിലവിലെ അവസ്ഥാ വിശകലനം

സാധാരണയിലും താഴ്ന്ന സാമ്പത്തിക സ്ഥിതിയിലുള്ള കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അവരുടെ സാമ്പത്തികവും സാമൂഹികവുമായ അവസ്ഥ മനസിലാക്കുന്നതിന് PTA, സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ തുടങ്ങിയ എല്ലാവരും ഒത്തുചേർന്നു കുട്ടികളുടെ കുടുംബങ്ങളിൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അവരുടെസുഗമമായ പഠനത്തിന് തടസ്സം നിൽക്കുന്ന സാഹചര്യങ്ങൾ കണ്ടെത്താൻ സാധിച്ചു. കുടുംബം പുലർത്തുന്നതിനു വേണ്ടിയുള്ള കഷ്ടപ്പാടുകളിൽ രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പഠനത്തിൽ ശ്രദ്ധിക്കാനുള്ള അവസരം ഉണ്ടാകുന്നില്ല എന്നത് വസ്തുതയാണ്. എങ്കിലും വിദ്യാഭ്യാസത്തിലൂടെ അല്ലാതെ ഒരു നല്ല സാമൂഹിക ജീവിയായി കുട്ടികൾക്ക് വളരാൻ കഴിയില്ല എന്ന ബോധം ഉണ്ടെങ്കിലും ഇവ വേണ്ടരീതിയിൽ ഫലവത്താക്കാൻ അവർക്ക് സാധിക്കാതെ വരുന്നു.

ഹൈസ്കൂൾ ക്ലാസുകളിൽ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുവാൻ വിഷയം ഐച്ഛികമായി എടുക്കാത്ത മറ്റദ്ധ്യാപകരും ക്ലാസുകൾ എടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. നിലവിലുള്ള സാഹചര്യത്തിൽ ഒരു സ്പെഷ്യൽ ടീച്ചറിന്റെ സേവനം BRC യിൽനിന്നും ലഭ്യമാണ്. I C T യുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന S I T C യ്ക്ക് ചുമതലകൾ കൂടുതലുള്ളതിനാൽ അവരുടെ ഐച്ഛിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള സമയം കൂടുതൽ ആവശ്യമായി വരുന്നു. വിവര സാങ്കേതിക വിദ്യ പഠിപ്പിക്കുന്നതിന് I T അധിഷ്ഠിത വിദ്യാഭ്യാസയോഗ്യതയുള്ള പ്രത്യേകം അദ്ധ്യാപകർ ഉണ്ടെങ്കിൽ മാത്രമേ I C T പഠനം കാര്യക്ഷമമാകുകയുള്ളു. അതിനാൽ പാഠ്യവിഷയങ്ങൾ നാം ലക്ഷ്യമാക്കുന്ന തരത്തിൽ കുട്ടികളിൽ എത്തിക്കാൻ പ്രയാസം നേരിടുന്നു.

ഭാഷപഠനത്തിൽ കുട്ടികൾക്ക് എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ അസംബ്ലികളിൽ പുസ്തകവലോകനവും വാർത്ത വായന എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് സ്കൂളിന്റെ അഭ്യുദയകാംഷികൾ വായന പ്രോൽസാഹിപ്പിക്കുന്നതിനായി ദിനപത്രങ്ങൾ സ്പോൺസർ ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകൾ പൂർണമായുംഹൈടെക് തലത്തിലേക്ക് മാറിയിട്ടുണ്ട്. നിലവിലുള്ള ക്ലാസുകൾക്ക് പുറമെ യു പി വിഭാഗത്തിൽ ഏഴ്, അഞ്ച് ക്ലാസുകളിൽ ഓരോ ഡിവിഷൻ വീതം അധികമായി വന്നിട്ടുണ്ട്. നിലവിൽ കുട്ടികൾക്ക് ലൈബ്രറിയിൽ ഇരുന്ന് പുസ്തകങ്ങൾ വായിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സയൻസ് പഠനത്തിനാവശ്യമായ പഠന സാമഗ്രികൾ സയൻസ് ലാബിൽ ഉണ്ടെങ്കിലും ശാസ്ത്ര വളർച്ച ഉയരുന്നതിനനുസരിച്ചുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബിന്റെ അഭാവം നിലനിൽക്കുന്നു. പഠന പുരോഗതി കൈവരിക്കുന്നതിന് ശാസ്ത്ര വിഷയങ്ങൾ, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ലാബുകൾ അത്യന്താപേക്ഷിതമാണ്. ഗ്രാമപ്രദേശമായതിനാൽ യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത മൂലം കുട്ടികൾക്ക് യാത്ര സൗകര്യത്തിനായി സ്കൂൾ മാനേജ്മെന്റ് ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കായിക വിദ്യാഭ്യാസ പുരോഗതിക്കായി ഹാൻഡ് ബാൾ, ഫുട്ബോൾ കോർട്ട്, ഷട്ടിൽ കോർട്ട് എന്നിവ സ്ഥാപിക്കുകയും ക്യാരംസ്, ചെസ്, ക്രിക്കറ്റ് തുടങ്ങിയ കായികവിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കുട്ടികൾക്ക് ആഹാരം പാകം ചെയ്യുന്നതിന് പരിമിതികൾ ഉണ്ടെങ്കിലും ശുചിയായ പാചകശാലയുണ്ട്. പോഷക സമൃദ്ധമായ ആഹാരം ലഭിക്കുന്നതിനോടൊപ്പം കുട്ടികൾക്ക് തിളപ്പിച്ചാറിയ കുടി വെള്ളം ആവശ്യാനുസരണം നൽകുന്നുണ്ട്. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം പ്രത്യേകമായില്ല. ക്ലാസുകൾ ഹൈടെക്ക് ആക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് എല്ലാ ക്ലാസുകളും പൂർത്തികരിച്ച് നൽകിയിട്ടുണ്ട്. വിവധ മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ കുട്ടികൾക്കാവശ്യമായ അത്യാവശ്യ സഹായങ്ങൾ ചെയ്തു തരുന്നു. ഭിന്നശേഷിയുള്ള എല്ലാ കുട്ടികൾക്കും റിസോഴ്സ് ടീച്ചേഴ്സിനെ ലഭ്യമാക്കേണ്ടതാണ്.

# എസ്. എൻ.ഡി.പി സംസ്കൃത ഹൈസ്കൂൾ
## വള്ളികുന്നം

| | | |
|---|---|---|
| സ്ഥാപിതം | - | 1927 |
| സ്ഥാപകമാനേജർ | - | ശ്രീ. കെ. പി. കൃഷ്ണൻ വൈദ്യൻ |
| രക്ഷാധികാരി | - | ശ്രീ. കെ. കേശവൻപോറ്റി |
| മാനേജർ | - | ശ്രീ. കെ.ബാലചന്ദ്രൻ |
| ഹെഡ്മാസ്റ്റർ | - | ശ്രീ. ബി. എൽ. ശ്രീനി |
| സീനിയർ അസിസ്റ്റന്റ് | - | ശ്രീമതി പാത്തുമ്മാബീവി. ഐ |
| ക്ലാർക്ക് | - | ശ്രീ. കെ.പി. അനിൽകുമാർ |
| സ്റ്റാഫ് സെക്രട്ടറി | - | ശ്രീ. എ. കെ .കൈലാസ് |
| ക്ലാസ്/ ഡിവിഷനുകൾ | - | 15<br>(ഹൈസ്കൂൾ- 7, യു.പി- 8) |
| അദ്ധ്യാപകർ | - | 23 |
| അനദ്ധ്യാപകർ | - | 4 |
| പി.റ്റി.എ പ്രസിഡന്റ് | - | ശ്രീ. മനോജ് കുമാർ |
| SSLC വിജയശതമാനം | - | 100 % |

## സ്കൂൾ മാനേജിംങ് ട്രസ്റ്റ് അംഗങ്ങൾ

1. ശ്രീ. കെ. ബാലചന്ദ്രൻ
2. ശ്രീ. സി. ആർ. രാജു
3. ശ്രീ. എസ്. ഷാജഹാൻ
4. ശ്രീ. എ. എം. സന്തോഷ്
5. ശ്രീമതി. ആർ. ലേഖ

# എസ്. എൻ.ഡി.പി സംസ്കൃത ഹൈസ്കൂൾ
# വള്ളികുന്നം

## സ്റ്റാഫ് ഡീറ്റയിൽസ്

ഹെഡ്മാസ്റ്റർ – ശ്രീ. ബി എൽ ശ്രീനി

**ഹൈസ്കൂൾ വിഭാഗം**

| നം പേര് | വിഷയം | ചുമതലകൾ |
|---|---|---|
| 1. പാത്തുമ്മാബീവി ഐ | സോഷ്യൽ സയൻസ് | സീനിയർ അസിസ്റ്റന്റ് |
| 2. അനുശ്രീ കെ | സംസ്കൃതം | റെഡ് ക്രോസ് |
| 3. ജയശ്രീ ആർ | ഫിസിക്കൽ സയൻസ്<br>ഐ.റ്റി , രസതന്ത്രം | SITC, ഊർജ്ജസംരക്ഷണം |
| 4. ആരിഫ എസ് | ഇംഗ്ലീഷ്,<br>ഐറ്റി | ഗൈഡ് ക്യാപ്റ്റൻ |
| 5. ശ്രീജ ജി എസ് | ഗണിതം,<br>ഐ.റ്റി | SRGകൺവീനർ |
| 6. ഗംഗാദേവി. കെ | മലയാളം,<br>ഐ.റ്റി, | വിദ്യാരംഗം കലാസാഹിത്യ വേദി |
| 7. അരുൺ ജ്യോതിസ് | ഗണിതം, ഇംഗ്ലീഷ് | ജോയിന്റ് SITC<br>ഉച്ചഭക്ഷണ പരിപാടി |
| 8. അനസ് എ | ബയോളജി,<br>രസതന്ത്രം | സയൻസ് ലാബ് ചാർജ്<br>എക്കോ ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| 9. രാഹുൽ ആർ | ഫിസിക്കൽ എഡ്യുക്കേഷൻ | |
| 10. ലീന സി ആർ | ഹിന്ദി | ലൈബ്രറി |
| 11. സൗമ്യ | ഇംഗ്ലീഷ്, IT | |

## യു.പി. വിഭാഗം

| പേര് | വിഷയം | ചുമതലകൾ |
|---|---|---|
| 1. ഡെയ്സി.കെ.എസ് | ഇംഗ്ലീഷ്, ബേസിക് സയൻസ് | |
| 2. എച്ച്. ഷിഹാബുദ്ദീൻ | സോഷ്യൽ സയൻസ്, | സ്കൂൾ ബസ് കൺവീനർ |
| 3. സ്മിത.എസ് | ഇംഗ്ലീഷ്, ഐറ്റി | ജൂനിയർ SITC(PSITC) |
| 4. എ.കെ കൈലാസ്. | സംസ്കൃതം മലയാളം | സ്കൗട്ട് മാസ്റ്റർ സ്റ്റാഫ് സെക്രട്ടറി (Join -PSITC) |
| 5. അഖില എൽ | ബേസിക്സയൻസ്, IT | ഗൈഡ് ക്യാപ്റ്റൻ |
| 6. നൗഫൽ എൻ കെ | ഗണിതം, ഐറ്റി | സ്കൂൾ സൊസൈറ്റി വിമുക്തി കൺവീനർ |
| 7. ഉണ്ണികൃഷ്ണൻ എസ് | സോഷ്യൽസയൻസ് ബേസിക്സയൻസ്, IT | |
| 9. ഇന്ദു. ബി | ഗണിതം | |
| 10. നീന. ജെ | ഹിന്ദി | |
| 11. വീണ | സംസ്കൃതം മലയാളം | |

## ഓഫീസ് സ്റ്റാഫ്

| | പേര് | |
|---|---|---|
| 1. | കെ.പി.അനിൽ കുമാർ | Clerk |
| 2. | സി.രഘു | OA |
| 3. | ബിപിൻ.എസ് | OA |
| 4. | അബ്ദുൾ റഹ്മാൻ കുഞ്ഞ്.കെ | FTM |

### പി.റ്റി.എ എക്സിക്യൂട്ടീവ്

1. മനോജ് കുമാർ. കെ
2. ശിവപ്രസാദ് ആർ
3. പി പി അശോക് കുമാർ
4. രഞ്ജിത്ത്.റ്റി
5. റസ്‌ലത്ത്
6. വീണ
7. ജിഷ
8. പ്രകാശ് സി
9. സജി വി
10. റജീന ബി
11. ഹാദിബിൻ അഹമ്മദ്
12. ബി എൽ ശ്രീനി
13. സുമയ്യ
14. ഗംഗ
15. ഐ പാത്തുമ്മാ ബീവി
16. എച്ച്. ഷിഹാബുദ്ദീൻ
17. ആരിഫ എസ്
18. ശ്രീജ ജി.എസ്.
19. എ കെ കൈലാസ്
20. അരുൺ ജ്യോതിസ്
21. അനുശ്രീ. കെ
22. ഷീജ എച്ച്
23. രാഹുൽ ആർ
24. അനസ് എ

### ഉച്ച ഭക്ഷണ കമ്മറ്റി

കെ മനോജ്കുമാർ
ശ്രീനി ബി എൽ
വിജയൻപിള്ള
പ്രിൻസി ചാക്കോ
മീനു സജീവ്
കെ ബാലചന്ദ്രൻ
കെ എസ് ഡെയ്സി
അരുൺജ്യോതിസ്
നസിയ മോൾ യു

### മാതൃ സമിതി

1. അനീഷ
2. ആരിഫ നൗഷാദ്
3. ഷൈലജ
4. റസീന
5. പ്രിൻസി ചാക്കോ

## പ്രശ്നങ്ങൾ വെല്ലുവിളികൾ

* കുട്ടികളുടെ താല്പര്യക്കുറവ്
* അദ്ധ്യാപകരുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ മൂലമുള്ള സമയക്കുറവ്
* ശില്പശാലകൾ സംഘടിപ്പിക്കാനും കലാരൂപങ്ങൾ പ്രദർശിപ്പിക്കാനുള്ള വിഭവ ശേഷികളുടെ അപര്യാപ്തത.
* ഹിന്ദി ഭാഷ കേൾക്കാനും പ്രകടിപ്പിക്കാനുമുള്ള സൗകര്യങ്ങളുടെ അപര്യാപ്തത
* ഭാഷ പഠിപ്പിക്കാൻ അനുവദിച്ചിരിക്കുന്ന സമയം കുറവാണ്.
* വ്യാകരണത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ അറിയാത്ത പ്രശ്നങ്ങൾ, ആശയപ്രകടനത്തിന് മാതൃഭാഷയുടെ സ്വാധീനം കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ
* ഇംഗ്ലീഷ് ലൈബ്രറി, വായനാ സാമഗ്രികൾ ഇവയുടെ അപര്യാപ്തത.
* ഐ.റ്റി.ലാബിന്റെ അപര്യാപ്തത
* Language ടീച്ചേഴ്സിന് ലാപ്ടോപ്പിന്റെ അഭാവം
* ഇംഗ്ലീഷിന്റെ പ്രദർശന സി ഡി കളുടെ അപര്യാപ്തത
* നിലവിലുള്ള കളിസ്ഥലത്ത് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങളുടെ പരിമിതി
* വ്യത്യസ്തമായ ഗെയിമുകൾ നടത്തുന്നതിനാവശ്യമായ കോർട്ടുകളുടെ അഭാവം
* ഇൻഡോർ ഗെയിംസിന് ആവശ്യമായ അസൗകര്യങ്ങൾ
* ഓഡിറ്റോറിയം അടക്കമുള്ള സംവിധാനങ്ങളുടെ കുറവ്
* വിവിധ കളികൾ ഗെയിമുകൾ/നാടൻകളികൾ പരിശീലിപ്പിക്കുന്നതിന് പരിശീലകരെ സ്പോൺസർ ചെയ്യണം
* കോവിഡാനന്തരം കുട്ടികളിലുള്ള സ്വഭാവ വ്യതിയാനങ്ങൾ

* കായിക പരിശീലന ക്യാമ്പുകൾ സ്ക്കൂൾ തലത്തിൽ നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സ്രോതസിന്റെ അഭാവം
* സ്കൂളിന് ആവശ്യമായ കളി ഉപകരണങ്ങൾ ഇൻഡോർ ഗെയിമിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവയുടെ പരിമിതി
* പാചകപ്പുര മെസ് ഹാൾ എന്നിവയുടെ നവീകരണത്തിനും സംരക്ഷണത്തിനും ആവശ്യമായ ധനത്തിനുള്ള സ്രോതസ് കുറവാണ്
* ടോയ്‌ലറ്റുകൾ, ഗേൾസ് ഫ്രണ്ട്‌ലി ആകേണ്ടതുണ്ട്
* ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള ടൊയ്‌ലറ്റ് ലഭ്യമല്ല.
* പ്രവ്യർത്തിപരിചയ മേഖലയുമായി ബന്ധപ്പെട്ട് സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹകരണം വളരെ കുറവാണ്.
* ക്ലാസിലെ പ്രവർത്തനത്തിന് അനുയോജ്യമായ സ്ഥലസൗകര്യക്കുറവ്
* കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ ചെയ്യാൻ ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള സാമ്പത്തികം കണ്ടെത്തൽ

* വർക്ക് ചെയ്യിക്കുന്നതിനാവശ്യമായ സമയദൈർഘ്യം കുറവായതിനാൽ തൃപ്തികരമായ രീതിയിൽ എല്ലാകുട്ടികൾക്കും ഒരേ പോലെ പരിശീലനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
* നിർമ്മിക്കുന്ന ഉപകരണങ്ങൾ വെച്ചുസൂക്ഷിക്കുന്നതിനുള്ള സൗകര്യക്കുറവ്
* സാമൂഹ്യ ശാസ്ത്രപഠനം നിരവധി വെല്ലുവിളികൾ നേരിടുന്നു.
* വളരെ വിപുലവും സാമൂഹിക മേഖലകളെ സ്പർശിക്കുന്ന ഒരു വിഷയം എന്ന നിലയിൽ വേണ്ടത്ര പിന്തുണ സംവിധാനങ്ങളുടെ അഭാവം ഈ വിഷയത്തിന്റെ ശരിയായ രീതിയിലുള്ള വിനിമയത്തിന് പരിമിതി സൃഷ്ടിക്കുന്നു.

* ICT ഉപകരണങ്ങളുടെ പരിമിതികളും മെച്ചപ്പെട്ട ഐറ്റി ലാബിന്റെ അഭാവവും നേട്ടങ്ങൾ കൈവരിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു.
* പാഠഭാഗങ്ങളുടെ ആധിക്യം, സമയബന്ധിതമായി പാഠഭാഗങ്ങൾ ശരിയായ രീതിയിൽ കുട്ടികളിൽ എത്തിക്കുന്നതിനും പഠനനേട്ടം കൈവരിക്കുന്നതിനും പലപ്പോഴും സാധിക്കുന്നില്ല.
* പഠനഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ്, അഭിമുഖം സംവാദം, ചർച്ച എന്നിവ സംഘടിപ്പിക്കുന്നതിന് ലഭ്യമായ സമയം പരിമിതമാണ്.
* സമഗ്രമായ ഒരു സാമൂഹ്യ ശാസ്ത്ര ലാബിന്റെ അഭാവം സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ലളിതവൽക്കരിക്കുന്നതിന് തടസ്സമാണ്.
* ഗണിത ആശയങ്ങൾ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളുടെ പാഠപുസ്തകങ്ങളുടെ പരിമിതി
* കുട്ടികൾക്കാവശ്യമായ വർക്ക്ഷീറ്റിന്റെ അഭാവം ഗണിത ആശയങ്ങൾ ഉറപ്പിക്കാൻ അപര്യാപ്തമാണ്.
* പാഠഭാഗത്ത് ഗണിത ആശയങ്ങളിലെ പരസ്പര ബന്ധത്തിന്റെ അപര്യാപ്തത
* ICT പഠനത്തിനാവശ്യമായ ലാബ് സൗകര്യങ്ങളുടെ അപര്യാപ്തത
* പീരിഡിന്റെ സമയ ദൈർഘ്യക്കുറവ് ഗണിത ആശയങ്ങളുടെ രൂപീകരണത്തിന് തടസ്സംനിൽക്കുന്നു.
* ഭിന്നശ്ശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി റിസ്സോഴ്സ് ടീച്ചേഴ്സിന്റെയും പഠനസാമഗ്രികളുടെഅപര്യാപ്തത.
* ശാസ്ത്ര ലാബ് കൂടുതലായി മെച്ചപ്പെടുത്തേണ്ടതുണ്ട്.
* ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ പരിമിതമാണ്.
* പീരീഡിന്റെ സമയദൈർഘ്യം കുറവായതുകൊണ്ട് സയൻസ് പാഠഭാഗങ്ങൾ പരീക്ഷണത്തിലൂടെ പഠിപ്പിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു
* ഔഷധസസ്യങ്ങളും പച്ചക്കറികളും കൃഷിചെയ്യുമ്പോൾ പുറത്തുനിന്നുള്ള ശല്യം കാരണം അത് ഉദ്ദേശിക്കുന്ന രീതിയിൽ മെച്ചപ്പെടുത്താൻ സാധിക്കുന്നില്ല.
* പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾക്ക് ഫണ്ട് കിട്ടാതെ വരുന്നു.
* ക്ലാസ് മുറികൾ പരീക്ഷണശാലകൾ ആക്കുക എന്ന ആശയം പ്രാവർത്തികമാക്കാൻ ആവശ്യമായ സൗകര്യങ്ങൾ കുറവാണ്.

## പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക മാസ്ററർപ്ലാൻ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി *31.03.2017* ൽ പൂർവ്വ വിദ്യാർത്ഥി സംഘടന പുനഃസംഘടിപ്പിച്ചു. സ്കൂളിലെ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും മാനേജ്മെന്റ് പ്രതിനിധികളും ജനപ്രതിനിധികളും സ്കൂളിന്റെ അഭ്യുദയകാംക്ഷികളും പൂർവ്വ വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഒരു യോഗം *16.04.2017* ൽ സംഘടിപ്പിച്ചു. അക്കാദമിക മാസ്റ്റർ പ്ലാന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് പ്രഥമാദ്ധ്യാപകൻ വിശദീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചർച്ചയിലൂടെ അഭിപ്രായങ്ങളും പദ്ധതികളും രൂപപ്പെടുകയുണ്ടായി.

ഓരോ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന അദ്ധ്യപകർ പഠനവുമായി ബന്ധപ്പെട്ട് എല്ലാതലത്തിലുമുള്ള കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും അതിന്റെ ചുമതല, കാലയളവ്, സാമ്പത്തിക സ്രോതസ് എന്നിങ്ങനെ വേർതിരിച്ച് സമഗ്രപദ്ധതി 02.05.2025 ൽ തയ്യാറാക്കി സ്കൂൾതലത്തിൽ ചർച്ചചെയ്ത് SMC, SRGപൂർവ്വവിദ്യാർത്ഥി സംഘടന, സാമൂഹികപ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് പദ്ധതി അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങൾ കൂടി ഉൾപ്പെടുത്തി കരട് പദ്ധതി തയ്യാറാക്കി.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സംസ്കൃതം (UP & HS)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | പഠനോപകരണം | ചുമതല സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫല പ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കൽ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരമാല ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തൽ<br>* ചാർട്ട് പ്രദർശനം<br>* ചിത്രപ്രദർശനം (ദൈനംദിനം ഉപയോഗിക്കുന്ന വാക്കുകൾ)<br>* ചിത്രകഥകൾ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ | സംസ്കൃത അദ്ധ്യാപകർ |
| **വീടൊരു പരീക്ഷണശാല**<br>കുട്ടി കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുന്നു. | * വായനാമൂല<br>* പദപ്പയറ്റ്<br>* നിഘണ്ടു നിർമ്മാണം<br>* മാഗസിൻ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ | സംസ്കൃത അദ്ധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 സംസ്കൃതം (UP & HS)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | പഠനോപകരണം | ചുമതല സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരങ്ങൾ. | * ദിനാചരണങ്ങൾ<br>* പോസ്റ്റർ നിർമ്മാണം<br>* രചനകൾ അവതരണം<br>* സംസ്കൃത കലോത്സവം | ഒരുവർഷം | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ | സംസ്കൃത അദ്ധ്യാപകർ |
| **ഭാഷാ ശേഷി വികസിപ്പിക്കൽ**<br>സാഹിത്യം, ആധുനിക സാങ്കേതിക വിദ്യാസാദ്ധ്യതളെ പ്രയോജനപ്പെടുത്തൽ.<br>സ്വഭാവ രൂപീകരണം | * സാഹിത്യശാഖകളെ പരിചയപ്പെടാൻ<br>* കഥ, കവിത, സുഭാഷിതങ്ങൾ<br>* ജീവചരിത്ര കുറിപ്പുകൾ രചനാശേഖരണം<br>* പതിപ്പുകൾ തയ്യാറാക്കൽ<br>* കലാരൂപങ്ങൾ പരിചയപ്പെടൽ | ഒരു വർഷം | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ | സംസ്കൃത അദ്ധ്യാപകർ |

## Project -Sanskrit

1. സംസ്കൃത ദിനാചരണം
2. സംസ്കൃത അസംബ്ലി
3. സംഭാഷണ ക്ലാസുകൾ
4. വിവിധ മത്സരങ്ങൾ
5. മത്സര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾ
6. IT സാദ്ധ്യതകളെ പരിചയപ്പെടുത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്,<br>അക്ഷരം ഉറപ്പിക്കൽ,<br>ചിഹ്നം ഉറപ്പിക്കൽ,<br>വാക്കുകൾ നിർമ്മിക്കുക.<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം - അടിക്കുറിപ്പ്<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 3 മാസം<br>ജൂൺ,<br>ജൂലായ്<br>ആഗസ്റ്റ്<br><br>1 വർഷം | ചിത്രങ്ങൾ<br>പുസ്തകങ്ങൾ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ<br>(പി ടി എ) |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | പത്രവായന, വായനാനുഭവം<br>വായനോത്സവം സംഘടിപ്പിക്കൽ<br>വിദ്യാരംഗം<br>കലാ സാഹിത്യവേദി പ്രവർത്തനം<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>ഈ വായന. | 6 മാസം<br>(ജൂലായ്-<br>ഡിസംബർ | പത്രങ്ങൾ,<br>ആനുകാലിക പ്രസിദ്ധീ കരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ,<br>ലൈബ്രറി | അദ്ധ്യാപകർ<br>പി ടി എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തകചർച്ച<br>വായനക്കുറിപ്പ്<br>വ്യക്തിഗത രചന<br>എഴുത്തുകൂട്ടം<br>ഭാഷാ പ്രൊജക്ട്<br>സാഹിത്യകാരൻമാരുമായുള്ള സംവാദം<br>സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം (ജൂലായ് ഡിസം ബർ) | പുസ്തകങ്ങൾ<br>ലൈബ്രറി<br>ഫോട്ടോകൾ,<br>ചിത്രങ്ങൾ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ<br>(പി ടി എ) |
| സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക | വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>ക്ലാസിൽ അവതരിപ്പിക്കുക.<br>മികച്ച പ്രസംഗങ്ങളുടെ ഓഡിയോ/ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>പ്രസംഗം അവതരിപ്പിക്കാൻ അവസരം ഒരുക്കുക. | 6 മാസം (ആഗസ്റ്റ് ജനുവരി) | പുസ്തകങ്ങൽ<br>ഓഡിയോ<br>വീഡിയോ | ട്രെയിനർ<br>അദ്ധ്യാപകർ |

# Academic Master Plan English 2025-26

| Aims | Activity | Month | Incharge | Finance |
|---|---|---|---|---|
| Provides opportunities to listen and speak English properly, Provides opportunities to communicate in English | Spoken English class, English corner storytime<br>Recorded Videos & Audios<br>English Assembly<br>English library renewation. | June-Feb. | PTA<br>Teachers | PTA |
| Practicing perceptive reading | Given reading cards,<br>Chain reading,<br>Reciprocal Reading. | June-Feb. | English Teachers | PTA |
| Give opportunities to presentations in English | Presentation of cinema & documentary,<br>Role play, English day celebrations | Aug- Dec | English Teachers | PTA |
| Enables to write without mistakes | Preparation of Magazine<br>Story writing, Writing in Chart,<br>Poster making, Indicating boards etc. | Aug-Dec. | English Teachers | PTA |
| Increase confidence in English language | Role play<br>Skit<br>Speech English<br>Various academic programs | Aug-Dec. | English Teachers | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | പുതിയ പദങ്ങൾ, അക്ഷരമാല ചാർട്ട്, ഹിന്ദി തിരിച്ചറിയൽ കാർഡ്, ചെറിയ പദ്യങ്ങൾ ചൊല്ലി അതിൽ ആവർത്തിച്ചുവരുന്ന അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്തു പഠിപ്പിക്കുന്നു. | ജൂൺ ജൂലായ് | ഹിന്ദി അദ്ധ്യാപകർ | | അക്ഷരങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുന്നു. വായനക്ഷമത ലഭിക്കുന്നു പ്രൊഫൈൽ നിർമ്മിക്കുവാൻ സാധിക്കുന്നു. |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യുവാൻ പ്രാപ്തയാക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നതോടൊപ്പം പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ | | കവിതാ പാരായണം നടത്തുവാൻ സാധിക്കുന്നു പ്രസിദ്ധ സാഹിത്യകാരന്മാരെക്കുറിച്ചും അവരുടെ കൃതികകളെക്കുറിച്ചുമുള്ള അറിവ്. |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| ICT ഉപയോഗം | പാഠങ്ങൾ.ICT സഹായത്തോടെ ലളിതമാക്കുന്നു. പ്രധാനപ്പെട്ടവ .PPT തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ, ഹിന്ദി ക്ലബ്ബ് | | ഹിന്ദി ഭാഷാ പഠനത്തിനുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. സ്കൂളുകളിൽ അച്ചടക്കം വർദ്ധിപ്പിക്കുന്നു. |
| ഹിന്ദി ലൈബ്രറി രൂപീകരണം. | ഓരോ ക്ലാസിൽനിന്നും പുസ്തകങ്ങൾ ശേഖരിച്ച് കുട്ടികളിലെ വായന ഉറപ്പാക്കുന്നു.<br>കുറിപ്പുകൾ എഴുതുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അദ്ധ്യാപകർ, ഹിന്ദി ക്ലബ്ബ് പ്രവർത്തകർ | | ഹിന്ദി ഭാഷാ പഠനത്തിൽ താൽപര്യം വർദ്ധിക്കുന്നു. പുതിയ അറിവുകൾ നേടുന്നു. |
| ഹിന്ദി ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | * സ്കൂൾ തുറന്ന ആഴ്ച ക്ലബ്ബ് രൂപീകരിക്കുന്നു.<br>* പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അദ്ധ്യാപകർ, ഹിന്ദി ക്ലബ്ബ് | | ഹിന്ദി ഭാഷ പഠനത്തിനുള്ള താൽപര്യം വർദ്ധിക്കുന്നു. സ്കൂളുകളിൽ അച്ചടക്കം വർദ്ധിക്കുന്നു. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1.** നിത്യജീവിതത്തിലെ നേരനുഭവങ്ങളിലൂടെയും ചുറ്റുപാടുകൾ നിരീക്ഷിച്ചും ശാസ്ത്രത്തെ ലളിതവും രസകരമായും തിരിച്ചറിയൽ. | പാഠപുസ്തകവുമായി ബന്ധപ്പെടുത്തി വീട്ടിൽ ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു.<br>"അടുക്കളയിലെ ശാസ്ത്രം"<br>കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ | 1 വർഷം | ശാസ്ത്ര അദ്ധ്യാപിക | |
| **2.** പ്രക്രീയാധിഷ്ഠിത ശാസ്ത്ര പഠന സമീപനത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ | *ശാസ്ത്ര കിറ്റ്<br>* ഹോം ലാബ്<br>* ഹെർബേറിയം<br>* അഭിമുഖം<br>* ഫീൽഡ് ട്രിപ്പ് | 1 വർഷം | സയൻസ് ടീച്ചർ | |
| **3.** കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തിയുള്ള ശാസ്ത്ര പഠന സമീപനം സ്വീകിരിച്ചുകൊണ്ട് കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ. | * ശാസ്ത്ര നാടകങ്ങൾ<br>* റീൽസ്<br>* ശാസ്ത്രപാട്ടുകൾ<br>* മോഡൽ നിർമ്മാണം. | 1 വർഷം | സയൻസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **4.** കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ. | * സ്കൂളുകളിലെ ഔഷധ സസ്യ പരിപാലനം.<br>* വീട്ടിൽ ഔഷധത്തോട്ട നിർമ്മാണം.<br>* പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ.<br>* ഫീൽഡ് ട്രിപ്പ്/നേച്വർ ക്യാമ്പ് | 1 വർഷം | സയൻസ് ടീച്ചർ | |
| **5.** ശാസ്ത്ര പഠനത്തിൽ പിൻതുണ വേണ്ട കുട്ടികളെ മുൻ നിരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | * പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അധിക പഠനസമയം കണ്ടെത്തൽ.<br>* എല്ലാ നിലവാരക്കാരെയും പരിഗണിച്ചുള്ള ആക്ടിവിറ്റി, വർക്ക് ഷീൽഡ് തയ്യാറാക്കൽ. | വർഷം മുഴുവൻ | | |
| **6.** എല്ലാ പോഷകഘടകങ്ങളും ഉൾപ്പെടുത്തിയുള്ള സമീകൃത ആഹാര രീതി പിൻതുടരേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയൽ, ഫാസ്റ്റ് ഫുഡ് സംസ്കാരത്തിന്റെ ദേഷങ്ങളെക്കുറിച്ച് ബോധവൽക്കരണം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ | * ഭഷ്യമേള<br>* ബോധവൽക്കരണം<br>* ഓരോദിവസത്തെയും ശരിയായ ഭക്ഷണചാർട്ട് തയ്യാറാക്കൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **7.** കുട്ടികളിൽ രസതന്ത്ര പഠനം രസകരമാക്കൽ പീരിയോഡിക്കൽ ടേബിളിൽ മൂലകങ്ങളെ കുറിച്ചുള്ള പഠനം രസകരമാക്കൽ | പീരിയോഡിക്ക് ടേബിളിൽനിന്നും മൂലകങ്ങളെ കണ്ടെത്തുന്നു, ....സാദ്ധ്യത ഉപയോഗിച്ച് പ്രതീകങ്ങൾ കണ്ടെത്തുന്നു. ഗെയിമുകൾ നൽകുന്നു. പീരിയോഡിക് ടേബിൽ മോഡൽ നിർമ്മാണം. | ഹ്രസ്വകാലം | സയൻസ് ടീച്ചർ | |
| **8.** ഓർഗ്ഗാനിക് കെമസ്ട്രി കൂടുതൽ രസകരമാക്കുന്നു. | ഹൈഡ്രോകാർബണുകളുടെ ക്ലേ ഉപയോഗിച്ചുള്ള നിർമ്മാണം. | ഹ്രസ്വകാലം | സയൻസ് ടീച്ചർ | |
| **9.** ശാസ്ത്ര ലാബ് നവീകരണം | 5 മുതൽ 10 വരെയുള്ള മാറിയ പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു.<br>ലാബിൽ ലഭ്യമായവ ചുറ്റുപാടിൽ നിന്നും ശേഖരിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. ഓരോ പാഠഭാഗത്തുനിന്നും ആവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്ത് പ്രത്യേകമായി സജ്ജീകരിക്കുന്നു. | 1 വർഷം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 10. ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് മൈക്രോസ്കോപ്പിന്റെ കണ്ടുപിടുത്തം ഏറെ പ്രയോജനകരമാണ് എന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങൾ | എട്ടാം ക്ലാസിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്താൻ പ്രോത്സാഹനം ചെയ്യുന്നു. | ഹ്രസ്വകാലം | സയൻസ് ടീച്ചർ | |
| 11. കൗതുകം, ജിഞ്ജാസ, നിരീക്ഷണപാഠവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്കുമുന്നിൽ കുട്ടികൾതന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെക്കൊണ്ടു മോഡലുകൾ നിർമ്മിക്കുന്നു. പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | ഹ്രസ്വകാലം<br>1 വർഷം | സയൻസ് ടീച്ചർ | |
| 12. ശാസ്ത്രദിനങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നു. | ശാസ്ത്രദിനാചരണം, ശാസ്ത്രഞ്ജൻമാരെക്കുറിച്ചുള്ള അറിവ് | | | |

## വിഷയ രേഖാ പ്രവർത്തനം - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽനിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേകം പരിശീലനം. | അക്കാദമിക വർഷത്തിൽ | എസ് എസ് അദ്ധ്യാപകർ |
| 2. ജനാധപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൽ. | എസ് എസ് അദ്ധ്യാപകർ |
| 3. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു. അറ്റ്ലസ് മാപ്പുകൾ, ഗ്ലോബുകൾ എന്നിവ പരിചയമാക്കുന്നു. | വർഷം മുഴുവൻ | എസ് എസ് അദ്ധ്യാപകർ |
| 4. ലഹരി, സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ബാധവൽക്കരണം | ലഹരി, സൈബർ കുറ്റങ്ങൾ തുടങ്ങിയ സാമൂഹ്യ തിൻമകൾക്കെതിരെ കുട്ടികളിൽ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26 ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത് സ് ക്ലിനിക് | ജൂൺ ആദ്യ വാരം | അദ്ധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശിൽപ്പശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | പഠനയാത്ര സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ പി റ്റി എ | പി റ്റി എ |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ | ശിൽപ്പശാല നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ ഗണിതക്ലബ്ബ് | പി റ്റി എ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ സംഘതലവൻ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - 2024-25 ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 6. | അദ്ധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാദ്ധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം, എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അദ്ധ്യാപകർ | |
| 7. | ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമ- കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അദ്ധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അദ്ധ്യാപകൻ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8. | ഗണിത മത്സര വേദിയിലേക്ക്-മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അദ്ധ്യാപകർ പിറ്റിഎ | പിറ്റിഎ |
| 9. | ഗണിത ലാബ് | ശിൽപ്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് ജൂൺ | ക്ലബ്ബ് സെക്രട്ടറി, അദ്ധ്യാപകർ പിറ്റിഎ | പിറ്റിഎ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അദ്ധ്യാപകരും | അദ്ധ്യാപകർ HM പിറ്റിഎ പ്രസിഡന്റ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26, ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | **ആരോഗ്യ കായിക വിദ്യാഭ്യാസം** | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല സമിതി | വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്പോൺസേഴ്സ് | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പഠനം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. |
| | **ആരോഗ്യ കായിക വിദ്യാഭ്യാസം** | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും , ഹൃദയശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി .......പരിശീലനം | | | | ഘട്ടം ഘട്ടമയി മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26, സമഗ്ര ഗുണമേന്മ പദ്ധതി

| തീയതി | വിഷയം UP/HS | പ്രവർത്തനങ്ങൾ |
|---|---|---|
| 03.06.2025 | മയക്കുമരുന്ന്/ലഹരി ഉപയോഗം | ഹ്രസ്വ ചിത്രങ്ങൾ കാണിച്ചു. പോസ്റ്റർ നിർമ്മിച്ചു |
| 04.06.2025 | ട്രാഫിക് നിയമങ്ങൾ<br>റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | റോൾ പ്ലേ,<br>ട്രാഫിക് സിഗ്നലുകൾ പരിചപ്പെടുത്തി |
| 05.06.2025 | വ്യക്തി ശുചിത്വം, പരിസരശുചിത്വം<br>സ്കൂൾ സൗന്ദര്യവൽക്കരണം | ആനിമേറ്റഡ് വീഡിയോ പ്രദർശിപ്പിച്ചു<br>സ്കൂൾ സൗന്ദര്യ വത്ക്കരണം |
| 09.06.2025 | ആരോഗ്യം, വ്യായാമം<br>കായിക ക്ഷമത | Zumba Dance,<br>Aerobics |
| 10.06.2025 | ഡിജിറ്റൽ അച്ചടക്കം | ബോധവൽക്കരണ ക്ലാസ് |
| 11.06.2025 | പൊതുമുതൽ സംരക്ഷണം | ബോധവൽക്കരണ ക്ലാസ് |
| 12.06.2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം<br>റാഗിംഗ് | Mime |
| 13.06.2025 | പൊതു ക്രോഡീകരണം | കുട്ടികളുടെ നേർസാക്ഷ്യം |

# ഉപസംഹാരം

കേരള സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസപരവും സാംസ്കാരികവും ദീർഘ വീക്ഷണമുള്ളവരുമായ ഒരു ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ വിചക്ഷണൻ മാരുടെയും സാംസ്കാരിക നായകൻമാരുടെയും ഭരണകർത്താക്കളുടെയും കൂട്ടായ്മയോട് കൂടി ആസൂത്രണം ചെയ്ത മഹത്തായ പദ്ധതിയാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും വിദ്യാലയമികവ് ഉറപ്പാക്കുന്നതിനായി വിദ്യാലയ വികസന മാസ്റ്റർ പ്ലാൻ, അക്കാദമിക മാസ്റ്റർ പ്ലാൻ ഇവ തയ്യാറാക്കി പൊതുജന സമക്ഷം സമർപ്പിക്കുന്നു. അപ്രകാരം എസ് എൻ ഡി പി സംസ്കൃത ഹൈസ്കൂളിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയട്ടുണ്ട് ഇതിലൂടെ നമ്മുടെ വിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു.